"പഴം-പച്ചക്കറി ആഭ്യന്തര ഉൽപ്പാദന വർദ്ധനവിന് പദ്ധതി"

131 [2749] ശ്രീ. സി. ടി. അഹമ്മദലി:
,, സി. മമ്മൂട്ടി:
,, പി. കെ. കെ. ബാവ:
,, ടി. പി. എം. സാഹിർ:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാർക്കറ്റുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം-പച്ചക്കറിയുടെ കണക്ക് എടുക്കുന്നുണ്ടോ;

(ബി) എങ്കിൽ വർഷംപ്രതി ഇതിന്റെ വരവ് കൂടിവരുന്നോ കുറഞ്ഞു വരുന്നോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പഴം പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിച്ച് ഇറക്കുമതി ചെയ്യുന്നതിന്റെ അളവ് കുറച്ചുകൊണ്ടുവരുന്ന പദ്ധതിക്ക് ഊന്നൽ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മാർക്കറ്റുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വിവിധ സ്രോതസ്സുകൾ വഴി പഴം-പച്ചക്കറികൾ എത്തുന്നതിനാൽ അവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എങ്കിലും സംസ്ഥാനത്തെ 45 തിരഞ്ഞെടുക്കപ്പെട്ട മാർക്കറ്റുകളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം-പച്ചക്കറികളുടെ കണക്ക് എടുക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) നൽകുന്നതാണ്.

പൂ കൃഷി സംഘങ്ങൾവഴി തൊഴിൽ

132 [2751] ശ്രീ. എം. എ. വാഹീദ്
,, എം. മുരളി:
,, പി. ടി. തോമസ്:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൂ കൃഷി സഹകരണ സംഘങ്ങളിൽ പ്രവർത്തിച്ചു തൊഴിൽ കണ്ടെത്തുന്ന എത്രപേരുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly